2167
21/6/12

കേരള സർക്കാർ

സംഗ്രഹം

വനം വകുപ്പ് - സമാശ്വാസ തൊഴിൽദാന പദ്ധതി - കോന്നി ഡിവിഷണൽ ഫോറസ്റ്റ് ആഫീസിൽ പ്യൂൺ ആയി ജോലി നോക്കി വരവെ അന്തരിച്ച എം. ഷെറിഫ് റാവുത്തറുടെ മകൾ ശ്രീമതി എസ്. അൻസിയയ്ക്ക് വനം വകുപ്പിൽ എൽ. ഡി. ക്ലാർക്ക് തസ്തികയിൽ നിയമനം നൽകുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

വനം വന്യജീവി (എഫ്) വകുപ്പ്

ജി.ഒ (എം.എസ്) നം. 67/2012/വനം തിരുവനന്തപുരം, തീയതി: 16.06.2012

---

പരാമർശം:- 1. സ.ഉ (പി) നം. 12/99/പി.ആൻറ്.എ.ആർ.ഡി തീയതി 24.05.1999.
2. ശ്രീമതി അൻസിയ എസ്. ഷെറീഫ് മൻസിൽ, ഏനാത്ത് 17.11.2011-ൽ സമർപ്പിച്ച അപേക്ഷ.
3. ഭരണവിഭാഗം അഡീഷണൽ പ്രിൻസപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെ 08.02.2012 ലെ ഇ6 - 1264/2012 നമ്പർ കത്ത്.
4. പത്തനംതിട്ട ജില്ലാ കളക്ടറുടെ 15.05.2012-ലെ എസ്4. 8833/12/03 നമ്പർ കത്ത്.

## ഉത്തരവ്

വനം വകുപ്പിൽ കോന്നി ഡിവിഷണൽ ഫോറസ്റ്റ് ആഫീസിൽ പ്യൂൺ ആയി ജോലിയിലിരിക്കെ 14.02.2011-ൽ അന്തരിച്ച എം. ഷെറീഫ് റാവുത്തറുടെ മകൾ ശ്രീമതി എസ്. അൻസിയ സർവീസിലിരിക്കെ മരണമടയുന്ന സർക്കാർ ജീവനക്കാരുടെ ആശ്രിതർക്ക് ജോലി നൽകുന്ന സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം ജോലി ലഭിക്കാൻ പരാമർശം (2) മുഖേന അപേക്ഷ സമർപ്പിച്ചു. പ്രസ്തുത അപേക്ഷ പരിഗണിക്കുന്നതിന് പരാമർശം (3) പ്രകാരം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഭരണം) ശുപാർശ ചെയ്തിട്ടുണ്ട്. ഈ അപേക്ഷയിൽ മേൽ അന്വേഷണം നടത്തി ആവശ്യമായ രേഖകൾ സഹിതം പരാമർശം (4) പ്രകാരം പത്തനംതിട്ട ജില്ലാ കളക്ടർ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. പരേതൻെറ മറ്റ് അനന്തരാവകാശികൾ അപേക്ഷകയ്ക്ക് ജോലി നൽകുന്നതിന് സമ്മതപത്രം നൽകിയിട്ടുണ്ട്. അപേക്ഷകയ്ക്ക് സർക്കാർ സർവീസിൽ എൽ. ഡി. ക്ലാർക്ക് തസ്തികയിൽ ജോലി ലഭിക്കാനുള്ള യോഗ്യതകൾ ഉണ്ട്.

2. ഈ സാഹചര്യത്തിൽ ശ്രീമതി എസ്. അൻസിയയ്ക്ക് പത്തനംതിട്ട ജില്ലയിൽ വനം വകുപ്പിൽ ₹ 9940-16580 ശമ്പള സ്കെയിലിൽ എ.ൽ. ഡി. ക്ലാർക്ക് തസ്തികയിൽ നിയമനം നൽകുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു. പത്തനംതിട്ട ജില്ലയിൽ നിലവിൽ

എൽ.ഡി. ക്ലാർക്കിൻെറ ഒഴിവില്ലാത്തപക്ഷം എൽ. ഡി. ക്ലാർക്കിൻെറ ഒഴിവുള്ള ജില്ലയിൽ ടിയാളെ നിയമിക്കാവുന്നതും പത്തനംതിട്ട ജില്ലയിൽ ഒഴിവുണ്ടാകുന്ന മുറയ്ക്ക് ശ്രീമതി അൻസിയയ്ക്ക് പത്തനംതിട്ട ജില്ലയിലേയ്ക്ക് സീനിയോറിറ്റി നഷ്ടപ്പെടാതെ സ്ഥലം മാറ്റം നൽകേണ്ടതുമാണ്.

3. വയസ്സ്, വിദ്യാഭ്യാസ യോഗ്യത തുടങ്ങിയവ പരിശോധിച്ച് പരാമർശം (1) ലെ സർക്കാർ ഉത്തരവിലെ വ്യവസ്ഥകൾക്ക് വിധേയമായി നിയമനം നൽകിക്കൊണ്ടുള്ള ഔപചാരികമായ ഉത്തരവ് അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഭരണം) പുറപ്പെടുവിക്കുന്നതാണ്.

4. ഈ നിയമനം സംബന്ധിച്ച വിവരങ്ങൾ പരേതൻെറ സേവന പുസ്തകത്തിലും ബന്ധപ്പെട്ട എസ്റ്റാബ്ലിഷ്മെൻറ് രജിസ്റ്ററിലും രേഖപ്പെടുത്തേണ്ടതാണ്. ഉത്തരവ് പുറപ്പെടുവിച്ചശേഷം, തെറ്റായ വസ്തുതകൾ ആധാരമാക്കിയാണ് ഉത്തരവ് പുറപ്പെടുവിച്ചത് എന്ന് പരിശോധനയിൽ തെളിഞ്ഞാൽ ഈ നിയമനം നിരുപാധികം റദ്ദാക്കാനുള്ള അധികാരം സർക്കാരിനുണ്ടായിരിക്കുന്നതാണ്.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം

**എ. നൗഷർ**
അഡീഷണൽ സെക്രട്ടറി

1. ശ്രീമതി എസ്. അൻസിയ, ഷെറിഫ് മൻസിൽ,
   ഏനാത്ത്, പത്തനംതിട്ട - 691526 [രജിസ്റ്റേർഡ് തപാൽ (മടക്ക രസീത് സഹിതം)മുഖേന]
2. അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഭരണം), തിരുവനന്തപുരം.
3. ജില്ലാ കളക്ടർ, പത്തനംതിട്ട.
4. സ്റ്റോക്ക് ഫയൽ/ആഫീസ് കോപ്പി
5. സർക്കാർ വെബ്സൈറ്റ്/ഇൻഫർമേഷൻ ആൻറ് പബ്ളിക് റിലേഷൻസ് ഡിപ്പാർട്ട്മെൻറ്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ